# 4. ആഫ്രിക്ക ഫണ്ട്

ആഫ്രിക്ക വൻകരയിൽ കുടിയേറിപ്പാർത്ത വെള്ളക്കാരായ യൂറോപ്യന്മാരുടെ രാഷ്ട്രമാണ് 'തെക്കേ ആഫ്രിക്ക'. ഡച്ചുകാരും ഇംഗ്ലീഷുകാരുമാണ് മുഖ്യമായും, ഈ പ്രദേശത്തു കുടിയേറിപ്പാർത്തത്. വ്യത്യസ്തഭാഷകൾ സംസാരിക്കുന്ന ഈ വെള്ളവർഗക്കാർ തമ്മിൽ പല യുദ്ധങ്ങളും തുടക്കത്തിൽ നടന്നുവെങ്കിലും, ഒടുവിൽ അവർ ഒത്തുചേർന്ന് ഒരേ രാഷ്ട്രമായി ജീവിക്കാൻ തീരുമാനിക്കുകയാണുണ്ടായത്.

വടക്കേ അമേരിക്കയിൽ, കാനഡയിലും യുണൈറ്റഡ് സ്റ്റേറ്റ്സിലും കുടിയേറിപ്പാർത്ത യൂറോപ്യന്മാർക്ക് ആ പ്രദേശത്തെ ആദിവാസികൾ ഒരു പ്രശ്നമാവുകയുണ്ടായില്ല. ഒന്നാമത്, അവിടെ ആദിവാസികൾ എണ്ണത്തിൽ കുറവായിരുന്നു. രണ്ടാമത്, ഭൂമി അനന്തമായി പരന്നുകിടന്നുമിരുന്നു. അതിനാൽ, പണം കൊടുത്തു സ്ഥലം വാങ്ങിയോ, ബലം പ്രയോഗിച്ചോ തങ്ങളുടെ വാസപ്രദേശങ്ങളിൽനിന്ന് ആദിവാസികളെ പുറത്താക്കാനും, ഒടുവിൽ, നിശ്ചിതങ്ങളായ ചില സ്ഥലങ്ങളിൽ അവരെ തളച്ചിടാനും അമേരിക്കയിലെ വെള്ളക്കാർക്കു കഴിഞ്ഞു.

എന്നാൽ, തെക്കേ ആഫ്രിക്കൻപ്രദേശങ്ങളിൽ ആദിവാസികൾ എണ്ണത്തിൽ കൂടുതലുണ്ടായിരുന്നു. അവരെ പുറത്തേക്കു തള്ളിഅയയ്ക്കാൻ, ഒഴിഞ്ഞ സ്ഥലങ്ങൾ ആഫ്രിക്കയിലില്ലായിരുന്നു. അതിനാൽ വെള്ളക്കാർക്കു തങ്ങൾ പാക്കുന്ന നഗരങ്ങൾക്കരികിൽത്തന്നെ അവരേയും പാർക്കാൻ അനുവദിക്കേണ്ടിവന്നു. വെള്ളക്കാർ അവരെക്കൊണ്ടു നിഷ്ഠുരമായി പണിയെടുപ്പിച്ചു; അവരുടെ അദ്ധ്വാനത്തിനുമീതെ തങ്ങളുടെ വ്യാവസായിക നാഗരികത തെക്കേ ആഫ്രിക്കയിൽ പടുത്തുയർത്തി. അദ്ധ്വാനത്തിന് ആഫ്രിക്കയിലെ ആദിവാസികൾമാത്രം പോരെന്നു വന്നപ്പോഴാണ്, ഇന്ത്യക്കാരെ കരാറിൽ ഒപ്പിടുവിച്ചു ജോലിയെടുക്കാൻ അങ്ങോട്ടു കൂട്ടിക്കൊണ്ടുപോയത്. ഇങ്ങനെ തെക്കേ ആഫ്രിക്കയിലെത്തിച്ചേർന്ന ഇന്ത്യക്കാർക്കു സീമിതങ്ങളായ പൗരാവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള നീണ്ട സമരത്തിലൂടെയാണ് എം. കെ. ഗാന്ധി എന്ന ബാരിസ്റ്റർ മഹാത്മാഗാന്ധി എന്ന രാഷ്ട്രനേതാവായി വളന്നത്.

തെക്കേ ആഫ്രിക്കയിൽ ഗാന്ധിജിയുടെ പ്രവർത്തനങ്ങൾ അവിടത്തെ വെള്ളക്കാർക്കു മാനസാന്തരം വരുത്തുകയുണ്ടായില്ല. തൊലി വെളുത്തവർ ഉയർന്ന വർഗമാണെന്നും, അവർക്കു തൊലി കറുത്തവരെ ഭരിക്കാൻ ദൈവദത്തമായ അധികാരമുണ്ടെന്നുമുള്ള വിശ്വാസം തെക്കെ ആഫ്രിക്കയിലെ വെള്ളക്കാർ കൈവെടിഞ്ഞില്ല. അതേസമയം, ജനാധിപത്യസിദ്ധാന്തത്തിൽ അധിഷ്ഠിതമായിരുന്നു ആ രാജ്യത്തെ ഭരണസംവിധാനം. വെള്ളത്തൊലിക്കാരുടെ മേന്മയിലും ജനാധിപത്യത്തിലുമുള്ള വിശ്വാസങ്ങൾ പരസ്പരം പൊരുത്തപ്പെട്ടുപോവുകയില്ലല്ലോ. ഈ പൊരുത്തക്കേടിന് അവർ കണ്ട പ്രതിവിധി, വെള്ളക്കാർക്കുമാത്രം വോട്ടവകാശം നൽകുകയായിരുന്നു. തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി നില്ക്കാനും, വോട്ടുചെയ്യാനും, തെരഞ്ഞെടുക്കപ്പെട്ട നിയമസഭയിൽ അംഗമാവാനും, ഭരണസാരഥ്യം കൈയിലെടുക്കാനും, ഒന്നും തൊലി കറുത്തവരെ, ആഫ്രിക്കയിലെ ആദിവാസികളെയും ഏഷ്യയിൽനിന്ന് അവിടെ കുടിയേറിപ്പാർത്തവരുടെ സന്താനപരമ്പരകളേയും, വെള്ളക്കാർ അനുവദിച്ചില്ല. ഇന്നും അനുവദിക്കുന്നില്ല.

മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഇന്ത്യക്കാർ നടത്തിയ സഹനസമരങ്ങളിൽനിന്നു പ്രചോദനം ഉൾക്കൊണ്ടു തെക്കേ ആഫ്രിക്കയിലെ കറുത്തവർഗക്കാർ 'ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്'' എന്ന പേരിൽ സംഘടിക്കുകയും, തങ്ങളുടെ ജനാധിപത്യാവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി വെള്ള സർക്കാരിനെതിരെ സമരം ആരംഭിക്കുകയുംചെയ്തു. സംഘടനയെ നിയമവിരുദ്ധമാക്കിയും നേതാക്കന്മാരെ ജയിലിലടച്ചും, ആവശ്യമുള്ളപ്പോഴൊക്കെ മർദനം പ്രയോഗിച്ചും കറുത്തവർഗക്കാരെ ഇപ്പോഴും അമർത്തിവെച്ചിരിക്കുകയാണ്, തെക്കേ ആഫ്രിക്കയിലെ വെള്ളക്കാർ. കറുത്തവർക്ക് അവിടെ ചില പ്രത്യേക പ്രദേശങ്ങളിലേ പാർക്കാവൂ; പ്രത്യേക സ്കൂളുകളിലേ പഠിക്കാവൂ; പ്രത്യേക വാഹനങ്ങളിലേ സഞ്ചരിക്കാവൂ. വെള്ളക്കാരും കറുത്തവരും തമ്മിൽ വിവാഹബന്ധം നിയമവിരുദ്ധമാണ്. സാമ്പത്തികമേഖലയിലുമുണ്ട് കറുത്തവർഗക്കാർക്കു നിയമപരമായ നിയന്ത്രണങ്ങളും പ്രതിബന്ധങ്ങളും. കറുത്തവർ വോട്ടുചെയ്തു തെരഞ്ഞെടുക്കുന്ന ചില നാമമാത്ര സ്ഥാപനങ്ങളിലെ അംഗത്വംകൊണ്ട് അവരുടെ ജനാധിപത്യദാഹം തൃപ്തിപ്പെട്ടു കൊള്ളണം. ഒന്നാം മഹായുദ്ധത്തിനുശേഷം, അല്പകാലഭരണത്തിനു തങ്ങളെ ഏല്പിച്ച (മാൻഡേററ് ആയി കിട്ടിയ) നമീബിയ എന്ന രാജ്യത്തും, തെക്കേ ആഫ്രിക്കയിലെന്നപോലെ, നഗ്നമായ ന്യൂനപക്ഷഭരണമാണ് തെക്കേ ആഫ്രിക്ക നടത്തിവരുന്നത്. തെക്കേ ആഫ്രിക്കയിൽ കറുത്തവർഗക്കാർക്കുകൂടി പൂർണപൗരാവകാശങ്ങളുള്ള ജനാധിപത്യസംവിധാനം സ്ഥാപിക്കാനും, നമീബിയയെ സ്വതന്ത്രമാക്കാനും ഐക്യരാഷ്ട്രസംഘടന തെക്കേ ആഫ്രിക്കയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യം തെക്കേ ആഫ്രിക്ക നിരസിച്ചതിനെത്തുടർന്ന് തെക്കേ ആഫ്രിക്കയുമായി കച്ചവടവും മററു സാമ്പത്തികബന്ധങ്ങളും അവസാനിപ്പിക്കണമെന്ന ലോകത്തിലെ എല്ലാ രാഷ്ട്രങ്ങളോടും ഐക്യരാഷ്ട്രസംഘടന ആവശ്യപ്പെട്ടു. പക്ഷേ, അമേരിക്ക, ബ്രിട്ടൺ, ഇസ്രായേൽ മുതലായ ഏതാനും രാഷ്ട്രങ്ങൾ ഐക്യരാഷ്ട്രസംഘടനയുടെ നിർദേശം ഇനിയും വകവെച്ചിട്ടില്ല. ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിൻെറ സെക്രട്ടറി മിസ്റ്റർ ഒളിവർ ടാംബോ 1987–ജനുവരി അവസാനത്തിൽ അമേരിക്കയിൽ ചെന്ന്, സ്റ്റേററ് സെക്രട്ടറി മി. ജോർജ് ഷുൾട്സിനെ കാണുകയുണ്ടായി. ഐക്യരാഷ്ട്രസംഘടനയുടെ നിർദേശങ്ങൾ അനുസരിച്ച് തെക്കേ ആഫ്രിക്കയുമായുള്ള സാമ്പത്തികബന്ധങ്ങൾ അവസാനിപ്പിക്കാൻ അമേരിക്ക തയ്യാറല്ല എന്ന് ഷുൾട്സ് മി. ടാംബോവിനോടു തുറന്നു പറഞ്ഞതായി പത്രങ്ങൾ റിപ്പോർട്ടുചെയ്തിരുന്നു. ഇതിനർത്ഥം, തെക്കേ ആഫ്രിക്കയിലെ വെള്ള_വർണവിവേചന ഭരണത്തിന് അമേരിക്ക പിന്തുണ നൽകിക്കൊണ്ടിരിക്കുമെന്നാണ്.

ആഫ്രിക്കയുടെ തെക്കുഭാഗത്തു വ്യാവസായികമായി വികസിച്ച ഏക രാഷ്ട്രം തെക്കേ ആഫ്രിക്കയാണ്. തെക്കേ ആഫ്രിക്കയുടെ അയൽ രാജ്യങ്ങളിൽ പാർക്കുന്ന ജനങ്ങൾ തങ്ങളുടെ കാർഷികവിഭവങ്ങൾ വില്ക്കുന്നതും, തങ്ങൾക്കാവശ്യമുള്ള നിർമിതവസ്തുക്കൾ വാങ്ങുന്നതും തെക്കേ ആഫ്രിക്കയിൽനിന്നാകുന്നു. അവരിൽ വളരെ അധികം പേർ കൂലിപ്പണി എടുക്കുന്നതും തെക്കേ ആഫ്രിക്കയിലെ വ്യവസായശാലകളിലും ഖനികളിലുമത്രേ. ബാങ്കുകൾ മുതലായവയും തെക്കേ ആഫ്രിക്കയിലാണ്. ഇക്കാരണങ്ങളാൽ, അയൽരാജ്യങ്ങളിലെ ജനങ്ങളെ പരമാവധി ബുദ്ധിമുട്ടിക്കുവാൻ—പലപ്പോഴും പട്ടിണിയിടാൻകൂടി—തെക്കേ ആഫ്രിക്കയിലെ വെള്ളക്കാർക്കു കഴിയും. ഇതിനു പുറമേ, നിരോധിക്കപ്പെട്ട ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിലെ അംഗങ്ങൾക്ക് അഭയം

നൽകുന്നതിന്റെ പേരിൽ അയൽരാജ്യങ്ങളെ കൂടെക്കൂടെ ആക്രമിക്കുന്നതിലും തെക്കേ ആഫ്രിക്ക ഒരു മടിയും കാണിക്കുന്നില്ല.

തെക്കേ ആഫ്രിക്കയുടെ നടപടികളുടെ ഫലമായി സാമ്പത്തിക ക്ലേശം അനുഭവിക്കുന്ന അയൽനാടുകളെ (ഇവയെ ഫ്രണ്ട് ലൈൻ സ്റ്റേററുകൾ എന്നു വിളിക്കുന്നു) സഹായിക്കുന്നതിനുവേണ്ടി ഒരു അന്താരാഷ്ട്രീയ നിധി ഏർപ്പെടുത്തുവാൻ 1986 സെപ്റ്റംബറിൽ സിംബാബ്വേയിലെ ഹരാരേ നഗരത്തിൽചേർന്ന ചേരിചേരാരാഷ്ട്രങ്ങളുടെ സമ്മേളനം തീരുമാനിക്കുകയുണ്ടായി. 'ആക്രമണത്തെയും കോളനിവാദത്തെയും അകററിനിർത്തലിനെയും ചെറുക്കുന്നതിനുള്ള പ്രവർത്തനം' എന്ന അർത്ഥത്തിലുള്ള ഇംഗ്ലീഷ് വാക്കുകളുടെ (ആക്ഷൻ ഫോർ റെസിസ്റ്റിങ് ഇൻവേഷൻ, കൊളോണിയലിസം ആൻഡ് അപ്പാർത്ത്ഹൈഡ്) ആദ്യക്ഷരങ്ങൾ ചേർത്ത്, 'ആഫ്രിക്ക ഫണ്ട്' എന്നാണ് ഈ ഫണ്ടിനു പേരിട്ടിരിക്കുന്നത്. ഏഷ്യയിൽനിന്ന് ഇന്ത്യയും, യൂറോപ്പിൽനിന്ന് യൂഗോസ്ലാവിയയും തെക്കേ അമേരിക്കയിൽനിന്ന് അർജൻറീനയും പെറുവും, ആഫ്രിക്കയിൽനിന്ന് സിംബാബ്വേ, സാംബിയ, അൽജേറിയ, കോംഗോ, നൈജീരിയ എന്നീ രാജ്യങ്ങളും അടങ്ങിയ ഒരു ഒമ്പതംഗക്കമ്മിററി ആഫ്രിക്ക ഫണ്ടിന്റെ മേൽനോട്ടം വഹിക്കുന്നു. ഇന്ത്യൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയാണ് ഈ ഫണ്ടിന്റെ അദ്ധ്യക്ഷൻ. 1987—ജനുവരി അവസാനവാരത്തിൽ, റിപ്പബ്ലിക് ദിനാഘോഷങ്ങൾക്കു മുമ്പ്, ഈ ഫണ്ട് സ്ഥാപിക്കപ്പെട്ടതായി അദ്ദേഹം ദില്ലിയിൽ പ്രഖ്യാപിക്കുകയുണ്ടായി. അതിലേക്കു നാലുകോടി ഡോളർ വരുന്ന ഒരു തുക സംഭാവനയായി ഇന്ത്യ നൽകുന്നതാണ്. മൂന്നുകോടി ഡോളറോളം മററു ചില രാഷ്ട്രങ്ങളിൽനിന്നു കിട്ടിക്കഴിഞ്ഞിട്ടുണ്ട്. കൂടുതൽ സംഭാവനകൾക്കുവേണ്ടി എല്ലാ രാഷ്ട്രങ്ങളോടും, എല്ലാ രാഷ്ട്രങ്ങളിലെയും വ്യക്തികളോടും അഭ്യർത്ഥിച്ചിട്ടുമുണ്ട്. അടുത്ത മൂന്നു വർഷങ്ങൾക്കകം ഈ ഫണ്ടിൽ ഗണ്യമായ വർദ്ധന ഉണ്ടാവുമെന്നാണു കരുതപ്പെടുന്നത്.

ദരിദ്രരാഷ്ട്രങ്ങളെ സഹായിക്കാൻ ദരിദ്രരാഷ്ട്രങ്ങൾ മുന്നോട്ടുവന്നിരിക്കുന്നു എന്നതാണ് ആഫ്രിക്കൻ ഫണ്ടിന്റെ ചരിത്രപ്രാധാന്യം. മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ട കറുത്തവർഗക്കാരോടുള്ള സഹാനുഭൂതി വെറും വാക്കുകളിലൊതുക്കിനിർത്താതെ, കഴിവനുസരിച്ച് (ചിലപ്പോൾ കഴിവിനു് അപ്പുറത്തും) അവരെ സാമ്പത്തികമായും ക്രിയാത്മകമായും സഹായിക്കുന്നതിനു നാലു വൻകരകളിലെ ഒമ്പതു രാഷ്ട്രങ്ങളുടെ നേതൃത്വത്തിൽ ലോക ജനാധിപത്യജനത തയ്യാറായിരിക്കുന്നു. ലോക ചരിത്രത്തിൽ മുമ്പൊരിക്കലുമുണ്ടാകാത്ത, ജനാധിപത്യപ്രേമികളുടെ ഐക്യദാർഢ്യപ്രദർശനമാണിത്. ഈ പ്രവർത്തനം ഇവിടംകൊണ്ട് അവസാനിക്കുകയില്ല. ഇതു് ഒരു ആരംഭംമാത്രം. ദൂരവ്യാപകമായ ഫലങ്ങൾ ഈ സഹകരണത്തിൻഫലമായി മനുഷ്യചരിത്രത്തിൽ ഉണ്ടായിക്കൂടായ്കയില്ല.

ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിന്റെയും, തത്തുല്യങ്ങളായ പാൻ ആഫ്രിക്കൻ കോൺഗ്രസ്, സൗത്ത്—വെസ്റ്റ്—ആഫ്രിക്കൻ—പീപ്പിൾസ് ഓർഗനൈസേഷൻ (സ്വാപോ) മുതലായ മററു സംഘടനകളുടെയും നേതൃത്വത്തിൽ പൊരുതുന്ന കറുത്തവർഗ്ഗക്കാർ തികച്ചും അഹിംസാവാദികളല്ല. പക്ഷേ, അവർക്ക് ആയുധം നൽകാനോ, മററു വിധത്തിൽ അവരുടെ പോരാട്ടത്തെ തീവ്രമാക്കാനോ ആഫ്രിക്ക ഫണ്ട് ഉപയോഗപ്പെടുത്തുകയില്ല. തെക്കേ ആഫ്രിക്കയുടെ നടപടികളുടെ ഫലമായി ആഫ്രിക്കയിൽ കറുത്തവർഗക്കാർക്ക് ഉണ്ടാകുന്ന സാമ്പത്തികദുരിതം ഒഴിവാക്കുന്നതിനുമാത്രമാണ് ഈ ഫണ്ടിലെ പണം ചെലവഴിക്കുക. ഈ ഫണ്ട് നിയന്ത്രിക്കുന്ന രാജ്യങ്ങൾ തങ്ങളുടെ സൈന്യങ്ങളെ തെക്കേ

ആഫ്രിക്കൻ സർക്കാരിനെതിരെ അയയ്ക്കുന്ന പ്രശ്നവുമില്ല. തെക്കേ ആഫ്രിക്കയിലെ കറുത്തവർഗക്കാർ സാധിക്കുമെങ്കിൽ അക്രമരഹിത മാർഗങ്ങളിലൂടെയും ഒഴിവാക്കാൻ തീരെ അസാദ്ധ്യമെങ്കിൽ ഏററവും ചുരുങ്ങിയ അക്രമം ഉപയോഗപ്പെടുത്തിയും സ്വന്തം സമരങ്ങളിലൂടെ തങ്ങളുടെ മനുഷ്യാവകാശങ്ങഠം സ്വയം നേടിയെടുക്കണം. സമ്മാനിക്കപ്പെടാവുന്ന ഒന്നല്ല, സ്വയം നേടിയെടുക്കേണ്ട ഒന്നാണ്, സ്വാതന്ത്ര്യം. സ്വാതന്ത്ര്യം നേടാനുള്ള സമരത്തിൽ ഏർപ്പെട്ട ആഫ്രിക്കൻ ജനതയുടെ മനോവീര്യം ഉജ്ജ്വലിപ്പിക്കാനും, ലോകജനതയുടെ മുഴുവൻ സഹാനുഭാവം അവരുടെ ഭാഗത്തുണ്ടെന്ന് അവരെ ബോദ്ധ്യപ്പെടുത്താനും; അവക്ക് അത്യാവശ്യ സാമ്പത്തികസഹായങ്ങഠം നല്കാനുമുള്ളതാണ് ആഫ്രിക്ക ഫണ്ട്. അതേസമയം, തെക്കേ ആഫ്രിക്കൻ—വർണ്ണവിവേചന—സർക്കാരിനെ സഹായിക്കുന്ന അമേരിക്കയുടെയും ബ്രിട്ടന്റെയും നീതികേടിനെ ഈ ഫണ്ട് ലോകസമക്ഷം തുറന്നുകാണിക്കുകയും ചെയ്യുന്നു.

ആഫ്രിക്കയിലെ പൊരുതുന്ന ജനതയോടും, അവരിലൂടെ ലോക ജനാധിപത്യാദർശങ്ങളോടും, കൂറ് പ്രദർശിപ്പിക്കാൻ ഒരവസരം ആഫ്രിക്ക ഫണ്ട് നമുക്കെല്ലാം നൽകിയിരിക്കുന്നു. കഴിവനുസരിച്ച് ഈ ഫണ്ടിലേക്കു നമ്മുടെ സംഭാവന ശ്രീ രാജീവ് ഗാന്ധിക്ക് അയച്ചു കൊടുക്കുക!

(30 ജനുവരി, 1987)

# 5. ദരിദ്രരാജ്യങ്ങളിലെ ആരോഗ്യപ്രശ്നങ്ങൾ

ദരിദ്രങ്ങളായ ആഫ്രിക്കൻരാജ്യങ്ങളിൽ ജനങ്ങളുടെ ആരോഗ്യത്തിനു എയ്ഡ്സ് രോഗം വലിയൊരു ഭീഷണിയായിത്തീർന്നിരിക്കുന്നു. ലക്ഷക്കണക്കിനാളുകഠം അവിടെ ഈ രോഗം ബാധിച്ച്, ഇതിനകം മരിച്ചിട്ടുണ്ടെന്നും, എയ്ഡ്സ് രോഗാണുക്കഠം ബാധിച്ചവരായി ഒരുപക്ഷേ, അമ്പതുലക്ഷം ആളുകഠം അവിടെ ഉണ്ടായിരിക്കാമെന്നും 1986 ഡിസംബർ 1—ാം തീയതിയിലെ 'ന്യൂസ്‌വീക്ക്' വാരിക പ്രസ്താവിക്കുന്നു.

1970—കളുടെ അവസാനത്തിലാണ് ആഫ്രിക്കയിൽ എയ്ഡ്സ് രോഗബാധ കണ്ടെത്തിയതു്. അതിനുശേഷം, കോംഗോമുതൽ ടാൻസാനിയവരെയുള്ള പതിനൊന്ന് ആഫ്രിക്കൻ രാഷ്ട്രങ്ങളിൽ ഈ രോഗം ബാധിച്ച് അമ്പതിനായിരം ജനങ്ങഠം മരിച്ചിട്ടുള്ളതായി ലോകാരോഗ്യസംഘടന സ്ഥിരീകരിച്ചിരിക്കുന്നു. ഈ മതിപ്പ് വളരെയേറെ അപര്യാപ്തമാണെന്നും, എത്രയോ ലക്ഷം ആളുകഠം ഈ പ്രദേശത്ത് എയ്ഡ്സ് രോഗബാധയാൽ ഇതിനകം മരിച്ചിട്ടുണ്ടെന്നുമാണ് പല ഗവേഷകരുടെയും അഭിപ്രായം.

ആഫ്രിക്കയിൽ അരക്കോടി ആളുകളെങ്കിലും ഇപ്പോഠം സ്വന്തം ശരീരങ്ങളിൽ എയ്ഡ്സ് രോഗാണുക്കഠം വഹിച്ചവരുന്നുണ്ടെന്നും ഇതേ ഗവേഷകർ പറയുന്നു. ഇവരിൽ പത്തുമുതൽ മുപ്പതുവരെ ശതമാനം പേർക്ക്, വരുന്ന പത്ത് ആണ്ടുകളിൽ, മാരകമായ ഈ രോഗബാധയുടെ ചിഹ്നങ്ങഠം കണ്ടുതുടങ്ങാൻ സാദ്ധ്യതയുണ്ട്. ഇവരിൽനിന്നു നിരന്തരമായി എയ്ഡ്സ് രോഗം ഇന്നത്തെയും നാളത്തെയും തലമുറകഠംക്കു പകർന്നുകിട്ടും. 'പറയാൻ ബുദ്ധിമുട്ടുണ്ട്. പക്ഷേ, ആഫ്രിക്കയിൽ പ്രളയം (അപ്പോകാലിപ്സ്) അടുത്തിരിക്കുന്നു' എന്നാണ് ഫ്രാൻസിൽ ടൂർസ്